27/12/21

02/12/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.303(4)/2015/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2069/എസ്.ഐ.സി–ജി 2/2015)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി 02.12.2021)

ശ്രീ. ജേക്കബ് ജോൺ,
കളീക്കൽ പടിഞ്ഞാറ്റേതിൽ,
വെണ്മണി പി.ഒ, ചെങ്ങന്നൂർ,
പിൻ: 689 509.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സർവ്വേ സൂപ്രണ്ട്,
   സർവ്വേ ഡയറക്ടറുടെ കാര്യാലയം,
   വഴുതക്കാട്, തിരുവനന്തപുരം-14.

2. അപ്പീൽ അധികാരി &
   സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ-II,
   സർവ്വേ ഭവൻ, വഴുതക്കാട്,
   തിരുവനന്തപുരം-14.

എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് 03.03.2015 ൽ ഒന്നാം എതിർകക്ഷി കമ്മീഷന് നൽകിയ റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. പകർപ്പുകൾക്ക് അപ്പീൽ ഹർജിക്കാരൻ നേരായവണ്ണമല്ല ഫീസടച്ചിരുന്നതെന്നും, അതുകൊണ്ട് ഒന്നാം എതിർകക്ഷിയുടെ കാര്യാലയത്തിൽ

നിന്നും അറിയിപ്പ നൽകിയതിനുശേഷമുള്ള തീയതിയിൽ നിർദ്ദേശിച്ചിട്ടുള്ള ശീർഷകത്തിൽ ഫീസടച്ച് അസ്സൽ രസീത് ഹാജരാക്കിയാൽ മാത്രമേ പകർപ്പുകൾ ലഭ്യമാക്കാനാവൂ എന്നുകാണിച്ച് 10.12.2014 ൽ അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നും, ഒന്നാം എതിർകക്ഷിയുടെ കാര്യാലയത്തിൽ നിന്നും (30.12.2012 ലെ G.O.(P) No.344/2012/GAD(SRO) No.854/12) വിഭിന്നമായി അപേക്ഷകൻ മറ്റൊരു ശീർഷകത്തിൽ അപേക്ഷ നൽകുന്നതിന് ഏറെക്കാലം മുമ്പ് ട്രഷറിയിൽ അടച്ചിട്ടുള്ള ചെലാൻ ആണ് ഹാജരാക്കിയതെന്നും, ആയതിനാലാണ് ടിയാന് രേഖകളുടെ പകർപ്പുകൾ നിഷേധിച്ചിട്ടുള്ളതെന്നുമാണ്. 2013 ൽ ഒടുക്കിയ ചെലാനുകൾ 2014 ൽ ഒടുക്കിയതാണെന്ന് 26.11.2014 ലെ കത്തിലൂടെ എസ്.പി.ഐ.ഒ യെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളതാണെന്നും, ഇക്കാര്യം കമ്മീഷൻ അഡീഷണൽ സെക്രട്ടറിയെ (നിയമം) നേരിട്ട് ധരിപ്പിച്ച് വാക്കാൽ ഉപദേശം തേടിയതിന്റെ അടിസ്ഥാനത്തിലാണ് 10.12.2014 ൽ അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് നിരീക്ഷിച്ച് കമ്മീഷൻ ഇന്നേ ദിവസം 02.12.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re